LIBRARY ARCHIVES Kerala Legislative Assembly

കാലാവധി കഴിഞ്ഞ മരുന്നുകൾ സൂക്ഷിച്ചതിനും വിതരണം ചെയ്തതിനും നടപടി

137 [5935] ശ്രീ. കെ. രാധാകൃഷ്ണൻ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവധി കഴിഞ്ഞും, ഗുണ മേന്മയില്ലാത്തതുമായ മരുന്നുകൾ ആശുപത്രികളിൽ വിതരണം ചെയ്യുന്നത് സംബന്ധിച്ച് ഏതെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം ജില്ലാ മെഡിക്കൽ സ്റ്റോറുകളിൽ സൂക്ഷിച്ചിരുന്ന രോഗ പ്രതിരോധത്തിനായുള്ള കാലാവധി കഴിഞ്ഞ മരുന്നുകളും കീടനാശിനികളുമാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇപ്രകാരം കാലാവധി കഴിഞ്ഞ രോഗ പ്രതിരോധ മരുന്നുകൾ സൂക്ഷിച്ചതിനും വിതരണം ചെയ്തതിനും ബന്ധപ്പെട്ടവർക്കെതിരെ ഏതെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അന്വേഷണം നടത്തിയിട്ടുണ്ട്.

(ബി) സ്റ്റേറ്റ് സ്റ്റോർ വെരിഫിക്കേഷൻ ടീം പരിശോധന നടത്തിയിട്ടുള്ള പല സ്റ്റോറുകളിലും പരിശോധനാസമയങ്ങളിൽ കാലാവധി കഴിഞ്ഞ രോഗപ്രതിരോധ മരുന്നുകളോ കീടനാശിനികളോ ഉപയോഗത്തിനായി സ്റ്റോക്ക് ചെയ്തിരിക്കുന്നതായി കണ്ടെത്തിയിട്ടില്ല.

(സി) ഉത്തരം 'ബി'-യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

കൊക്കക്കോള പ്ലാന്റിൽനിന്ന് വിഷാംശം കലർന്ന വളം വിതരണം ചെയ്യുന്നത് തടയാൻ നടപടി

138 [5936] ശ്രീ. കെ. പി. രാജേന്ദ്രൻ:
,, എം. കുമാരൻ:
,, മാങ്കോട് രാധാകൃഷ്ണൻ:
,, എൻ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാച്ചിമടയിലെ കൊക്കക്കോള പ്ലാന്റിൽനിന്ന് വിതരണം ചെയ്തിരുന്ന വളം വിഷാംശം കലർന്ന മാലിന്യമാണെന്നുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കമ്പനിയുടെ ഈ വളം കൃഷിക്കാർക്ക് വിതരണം ചെയ്യുന്നത് കൃഷിവകുപ്പിന്റെയോ മറ്റേതെങ്കിലും സർക്കാർ വകുപ്പിന്റെയോ ഏജൻസികളുടേയോ ശുപാർശകളുടെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കാമോ;

(സി) മാരകമായ വിഷാംശം കലർന്ന വളത്തിന്റ ഉപയോഗം പൊതുജനാരോഗ്യത്തിന് അപകടകരമാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു സംബന്ധിച്ച് ബി. ബി. സി. റിപ്പോർട്ടും ഇംഗ്ലണ്ടിലെ എക്സ്റ്റർ സർവ്വകലാശാല വിദഗ്ദ്ധരുടെ പഠനവും സർക്കാർ ഗൗരവപൂർവ്വം പരിഗണിച്ചിട്ടുണ്ടോ;

(ഇ) ജനങ്ങളുടെ ആരോഗ്യവും കൃഷി സംരക്ഷണവും കണക്കിലെടുത്ത് കൊക്കക്കോള കമ്പനിയുടെ ഈ മാരകമായ വിഷാംശം കലർന്ന വളം വിതരണം ചെയ്യുന്നത് തടയുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ വളത്തിന്റെ വിതരണം നിർത്തിവെയ്ക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുമോ;

(എഫ്) കൊക്കക്കോള കമ്പനി നടത്തിവരുന്ന ചൂഷണവും ജനദ്രോഹകരമായ പ്രവർത്തനം നിർത്തി വയ്പ്പിക്കുന്നതിന് സർക്കാർ ഇതിനകം എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൃഷിക്കാർക്ക് കമ്പനി വളം വിതരണം ചെയ്തത് ഏതെങ്കിലും സർക്കാർ വകുപ്പിന്റെയോ ഏജൻസികളുടേയോ ശുപാർശയുടെ അടിസ്ഥാനത്തിൽ അല്ല എന്നാണ് സർക്കാർ മനസ്സിലാക്കുന്നത്.

(സി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഖരപാഴ്വസ്തുവിന്റെ സാമ്പിൾ പരിശോധിച്ചപ്പോൾ അതിൽ കാഡ്മിയത്തിന്റ അളവ് അനുവദനീയമായ പരിധിക്കുമുകളിലായി കാണുകയുണ്ടായി.

(ഡി) ഉണ്ട്.

(ഇ) ഫാക്ടറിയിൽനിന്നുള്ള ഖരപാഴ്വസ്തു പുറത്ത് വിതരണം ചെയ്യുന്നതും ഫാക്ടറി പരിസരത്ത് വളമായി ഉപയോഗിക്കുന്നത് നിർത്തിവെക്കണമെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് കമ്പനിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(എഫ്) ഇക്കാര്യത്തിൽ വിശദമായ പഠനം നടത്താൻ മലിനീകരണ നിയന്ത്രണ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബോർഡിന്റെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly